**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2669** **23-02-2026 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൻ്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ചങ്ങനാശ്ശേരി ഗ്രൂപ്പ് തൃക്കൊടിത്താനം ദേവസ്വത്തിൽ ജില്ലാ പഞ്ചായത്തിന്റെ 2022-23 വർഷം 'ടേക്ക് എ ബ്രേക്ക്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരുന്നതും ആയത് 2025-26 ബഡ്ജറ്റ് സ്പിൽ ഓവർ പ്രോജക്ട് 653/26 ആയി ഉൾപ്പെടുത്തി പണികഴിപ്പിച്ചിട്ടുള്ളതുമാണ്. എൽ.എസ്.ജി.ഡി.യുടെ മേൽ നോട്ടത്തിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിൽ രണ്ട് നിലകളാണുള്ളത്. വിശ്രമകേന്ദ്രം 31/10/2025 ന് ബഹു.ദേവസ്വം വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവഹിച്ച് ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ